എക്സ്പ്രസ് ഹൈവേയുടെ രൂപരേഖ

34 (1344) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്ന എക്സ്പ്രസ് ഹൈവേയുടെ രൂപരേഖ എന്താണെന്നും ചെലവ് എത്ര വരുമെന്നും അതുമൂലമുള്ള നേട്ടങ്ങൾ എന്താണെന്നും വിശദമാക്കാമോ ;

(ബി) കേരളം പോലെ ജനസാന്ദ്രത ഏറിയതും ജലാശയങ്ങളുടെ ബാഹുല്യമുള്ളതും ചെറിയ കൃഷിയിടങ്ങളുള്ളതും കിഴക്കാംതൂക്കായ നിമ്നോന്നതയുള്ളതുമായ ഒരു ഭൂപ്രദേശത്ത് ഇത്തരം ഒരു എക്സ്പ്രസ് ഹൈവേ കരണീയമാണെന്ന് കരുതുന്നുണ്ടോ ;

(സി) കേരളത്തിലെ തലസ്ഥാനനഗരി അടക്കം പ്രധാന പട്ടണങ്ങളിലെ തെരുവീഥികളിലെ ട്രാഫിക് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ആരംഭിച്ചിട്ടുള്ള ബൈപാസ്സുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയും ചെയ്യുന്നതുവഴി കേരളത്തിലെ റോഡ് ഗതാഗതം മെച്ചപ്പെടുത്താമെന്നിരിക്കെ ഹൈവേ പദ്ധതി ഉപേക്ഷിക്കാൻ തയ്യാറാവുമോ ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. നീളം, കയറ്റം, ഇറക്കം, വളവ് എന്നിവ ഏറ്റവും കുറഞ്ഞതും ഏറ്റവും കുറഞ്ഞ നീളത്തിൽ പാലങ്ങൾ ആവശ്യമായതും കഴിയുന്നത്ര ജനവാസം കുറഞ്ഞ സ്ഥലങ്ങളിലൂടെ പോകുന്നതും ഏറ്റവും കുറഞ്ഞ ചെലവിൽ നിർമ്മാണം സാധിക്കുന്നതും പരിസ്ഥിതിപരമായി ഏറ്റവും അനുയോജ്യവുമായ ഒരു അലൈൻമെന്റാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ നിർമ്മാണം എപ്രകാരം നടപ്പാക്കണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

എക്സ്പ്രസ് ഹൈവേ പദ്ധതിക്കായി ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം

35 (1345) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ പദ്ധതിക്കായി ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഹൈവേക്കായി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുക ഇവയിൽ കൃഷിയോഗ്യമായ ഭൂമി എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്ക് മുതൽ മുടക്കാൻ ആരെങ്കിലും താൽപ്പര്യം കാണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെ ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിനുള്ള ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപ ;

(ഇ) സംയുക്തമേഖലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ-ഇ) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ നിർമ്മാണം എപ്രകാരം നടപ്പാക്കണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

ദേശീയപാത നാലുവരി പാതയാക്കുന്നതിന് നടപടി

36 (1346) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, തലപ്പാടി നാഷണൽ ഹൈവേ റോഡ് മംഗലാപുരം തുറമുഖവുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാലുവരി പാത നിർമ്മിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര ; പ്രസ്തുത റോഡിന്റെ പണി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പോർട്ട് കണക്ടിവിറ്റിയുടെ ഭാഗമായി തലപ്പാടി മുതൽ മംഗലാപുരം തുറമുഖം വരെയുള്ള ദേശീയപാത വികസിപ്പിക്കുന്ന പദ്ധതി NHAI നടത്തി വരുന്നുണ്ട്. എന്നാൽ കാസർഗോഡ് മുതൽ തലപ്പാടി വരെയുള്ള എൻ.എച്ച് 17-ന്റെ ഭാഗം ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. NHAI-യുടെ മേൽനോട്ടത്തിൽ നടക്കുന്ന ടി പണികളുടെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

എൻ.എച്ച്. 47 നാലുവരി പാതയാക്കുന്നതിന് നടപടി

37 (1347) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47 നാലുവരി പാതയാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly